"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2025 - നിർവ്വഹണ ഏജൻസിയായ മൈനർ ഇറിഗേഷൻ, തിരുവനന്തപുരം നഗരസഭ, മേജർ ഇറിഗേഷൻ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ചെലവായ തുക റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2442/2025/LSGD തീയതി, തിരുവനന്തപുരം, 07-10-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 491/2025/തസ്വഭവ ,തീയതി 17.02.2025
2. സ.ഉ.(സാധാ) നം. 624/2025/തസ്വഭവ ,തീയതി 06.03.2025
3. സ.ഉ.(സാധാ) നം. 7709/2025/ധന, തീയതി 22.09.2025
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 08.07.2025-ലെ DCTVM/12567/2024-S9 നമ്പർ കത്ത്

**ഉത്തരവ്**

2025-ലെ ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ നിർവഹിക്കേണ്ട പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിലേയ്ക്കായി പരാമർശം (1), (2) എന്നിവ പ്രകാരം യഥാക്രമം 1,99,47,421/- രൂപയുടെയും, 69,20,000/- രൂപയുടെയും ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2. 2025-ലെ ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങളുടെ ഭാഗമായി നിർവ്വഹണ ഏജൻസിയായ മൈനർ ഇറിഗേഷൻ, തിരുവനന്തപുരം നഗരസഭ, മേജർ ഇറിഗേഷൻ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ചെലവായ ആകെ തുകയായ **20,26,801/- രൂപ (ഇരുപത് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി ഒന്ന് രൂപ മാത്രം)** അനുവദിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് നിർവ്വഹണ ഏജൻസിയായ മൈനർ ഇറിഗേഷൻ, തിരുവനന്തപുരം നഗരസഭ, മേജർ ഇറിഗേഷൻ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് പരാമർശം (3) ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി "2217-01 800-94 ആറ്റുകാൽ പൊങ്കാല ഉത്സവത്തിനുള്ള ധനസഹായം" എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും **20,26,801/- രൂപ (ഇരുപത് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി ഒന്ന് രൂപ മാത്രം)** റിലീസ് ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. മേൽ പ്രകാരം അധിക ധനാനുമതിയായി ലഭ്യമായ തുക ധന:പുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി നടപ്പ് സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുൻപ് ക്രമീകരിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ശീർഷകത്തിന്റെ ചുമതലയുള്ള കൺട്രോളിംഗ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ജി എസ് എസ് എ / ഇ & ആർ എസ് എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ (ഡെവ - വിംഗ്) വകുപ്പ് (25.09.2025-ലെ ഡെവ-2/161/2025-ധന പ്രകാരം)

കരുതൽ ഫയൽ./ ഓഫീസ് കോപ്പി : (LSGD-IA2/21/2025-LSGD-Part-2)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 07-10-2025 17:10:45